നമ്പർ : ICPS 2/8134/2015

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 17/12/2015

## സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- ബോധിനി എന്ന സന്നദ്ധ സംഘടനയുടെ "നവമാധ്യമങ്ങളൊരുക്കും സൈബർക്കെണിയിൽ വീഴാനല്ലീ ബാല്യം" എന്ന പോസ്റ്റർ വിതരണം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന : 24.11.2015-ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 21.

കുട്ടികൾ ഇൻറർനെറ്റ്, മൊബൈൽ ഫോൺ എന്നിവ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് കൊച്ചിയിൽ പ്രവർത്തിക്കുന്ന ബോധിനി എന്ന സന്നദ്ധ സംഘടന തയ്യാറാക്കിയ "നവമാധ്യമങ്ങളൊരുക്കും സൈബർക്കെണിയിൽ വീഴാനല്ലീ ബാല്യം" എന്ന പോസ്റ്റർ സംസ്ഥാനത്തെ ഡി.സി.പി,യു-കൾ മുഖാന്തിരം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സൂചനപ്രകാരം തീരുമാനിച്ചിരുന്നു. ആയതനുസരിച്ച് സംസ്ഥാനത്തെ എല്ലാ ഡി.സി.പി.യു-കളും അനുബന്ധമായി ചേർത്തിട്ടുള്ള പോസ്റ്റർ അച്ചടിച്ച് പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ, ചൈൽഡ് ലൈൻ തുടങ്ങിയവ വഴി സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കൻററി സ്കൂൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഇതിലേയ്ക്കാവശ്യമായ തുക റിക്കറിംഗ് എക്സ്പെൻഡിച്ചർ ഇനത്തിൽ 'ട്രെയിനിംഗ്, കപ്പാസിറ്റി ബിൽഡിംഗ്, ഐ.ഇ.സി ആൻഡ് അഡ്വോക്കസി, മോണിറ്ററിംഗ്' എന്ന കമ്പോണൻറിൽ നിന്നും വഹിക്കാവുന്നതാണ്. കോഴിക്കോട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഈ പോസ്റ്ററിൻെറ കൂടുതൽ കോപ്പികൾ പ്രിൻറ് ചെയ്ത് സാമൂഹ്യ നീതി വകുപ്പ് ദിനാഘോഷത്തോടനുബന്ധിച്ചുള്ള എക്സിബിഷൻ സ്റ്റാളിൽ വിതരണം ചെയ്യേണ്ടതാണ്.

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം : ബോധിനി എന്ന സന്നദ്ധ സംഘടനയുടെ "നവമാധ്യമങ്ങളൊരുക്കും സൈബർക്കെണിയിൽ വീഴാനല്ലീ ബാല്യം" എന്ന പോസ്റ്റർ.

എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും.

പകർപ്പ്

1. പ്രോഗ്രാം മാനേജർ
2. സ്റ്റോക്ക് ഫയൽ